**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5428** **21-07-2022 - ൽ മറുപടിയ്ക്ക്**

**ബേഡഡുക്ക ഗോട്ട് ഫാം നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കൊളത്തൂർ വില്ലേജിലെ ബേഡഡുക്ക ഗോട്ട് ഫാമിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | **കാസർഗോഡ് ജില്ലയിൽ കൊളത്തൂർ വില്ലേജിലെ ബേഡഡുക്ക ഗോട്ട് ഫാമിന്റെ ഓഫീസ് കെട്ടിടം, ചുറ്റമതിൽ എന്നിവയുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മോഡൽ ഷെഡിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.** |
| (ബി) | ഈ പദ്ധതിക്ക് എത്ര രൂപയാണ് അനുവദിച്ചതെന്നും ഇതുവരെ എത്ര രൂപ ചെലവായെന്നും ഏതൊക്കെ ഇനങ്ങൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം അറിയിക്കാമോ; | (ബി) | ഗോട്ട് ഫാമിന്റെ ചുറ്റമതിൽ നിർമ്മാണത്തിന് ആദ്യ ഘട്ടത്തിൽ 49,99,991/- രൂപയും, രണ്ടാംഘട്ടത്തിൽ 1,07,000/- രൂപയും, ഓഫീസ് കെട്ടിട നിർമ്മാണത്തിന് 63,06,000/- രൂപയും അനുവദിച്ചിരുന്നു. ടി തുക ചെലവഴിച്ച് ഓഫീസ് കെട്ടിടം, ചുറ്റമതിൽ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഗോട്ട് ഫാമിന്റെ നിർമ്മാണ പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും പ്രവൃത്തി ആരംഭിച്ചപ്പോൾ എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും ഇത് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | കാസർഗോഡ് ബേഡഡുക്ക ഗോട്ട് ഫാം നിർമ്മാണം 2019ൽ ആരംഭിച്ചു. നിർമ്മാണ പ്രവർത്തികൾ വേഗത്തിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരുന്നുവെങ്കിലും നിർമ്മാണ പദ്ധതിയ്ക്ക് 2019-2020 വരെ മാത്രമേ റീവാലിഡേഷൻ ലഭ്യമായിരുന്നുള്ളൂ. തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് RKVY യിൽ നിന്ന് ഫണ്ട് ലഭിച്ചിട്ടില്ല. |
| (ഡി) | നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി പ്രസ്തുത സ്ഥാപനം എന്ന് യാഥാർത്ഥ്യമാക്കാനാവുമെന്ന് വ്യക്തമാക്കാമോ? | (ഡി) | RKVYയുടെ 1 .77കോടി രൂപ ലഭ്യമാകാത്തതിനാൽ ഗോട്ട് ഫാം നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഫാമിന്റെ അഞ്ചു ഷെഡുകളിൽ ഒരു മോഡൽ ഷെഡിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണ പ്രവർത്തികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ